തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ അസ്സാം ബ്രൂക്കിന്റെ കീഴിലുള്ള നാല് എസ്റ്റേറ്റുകൾ തുറന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 1662 പേർക്ക് തൊഴിൽ ലഭിച്ചു.

(സി) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലായി 26 തോട്ടങ്ങൾ പൂട്ടിക്കിടപ്പുണ്ട്.

അഗതികളുടെയും അവശ വിഭാഗങ്ങളുടെയും സംരക്ഷണത്തിനായി പുതിയ പദ്ധതി

*15 [482] ശ്രീ. വി. കെ. ചന്ദ്രൻ :
,, എ. സി. മൊയ്തീൻ :
,, ടി. കെ. ബാലൻ :
,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിലെ അഗതികളുടെയും അവശ വിഭാഗങ്ങളുടെയും സംരക്ഷണത്തിനായി സർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ഈ വർഷം നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച പദ്ധതിക്ക് പൂർണ്ണരൂപം നൽകിയിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് ഈ വർഷം എത്ര തുക ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി; എത്ര തുക ഇതിനകം ചെലവഴിക്കുകയുണ്ടായി;

(ഡി) കുടുംബശ്രീ പദ്ധതിയും, നിർദ്ദിഷ്ട പദ്ധതിയും തമ്മിൽ എന്തെങ്കിലും സാദൃശ്യം ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സാധുക്കളായ ജനങ്ങൾക്ക് ആവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാകുന്നതിന് ഉദ്ദേശിച്ചുകൊണ്ട് "സാമൂഹ്യ സുരക്ഷിതത്വ ഫണ്ട്" എന്ന പേരിൽ ഒരു സാമൂഹ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ സാമൂഹ്യ സുരക്ഷിതത്വം ഫണ്ട് ഇനത്തിൽ 2002-03 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 25 കോടി രൂപയും 2004-05 വർഷത്തിൽ ഭരണ നവീകരണം പദ്ധതിയുടെ കീഴിൽ വകയിരുത്തിയിട്ടുള്ള 40 കോടി രൂപയും ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) ഉണ്ട്. കുടുംബശ്രീയുമായി സഹകരിച്ച് ആശ്രയ മോഡലിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീ അഗതി കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തിലെ അഗതി കുടുംബങ്ങളും കാലാകാലങ്ങളിൽ സാമൂഹ്യക്ഷേമ വകുപ്പോ ഇതര സർക്കാർ ഏജൻസികളോ, കുടുംബശ്രീയോ കണ്ടെത്തുന്ന അഗതി കുടുംബങ്ങളും സാമൂഹ്യക്ഷേമ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസികളായി കഴിയുന്ന അഗതികളായ സ്ത്രീകളുമാണ് ഈ പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള സാധുജനം എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നത്. മേൽ പ്രസ്താവിച്ച വകുപ്പുകളോ ഏജൻസികളോ നൽകുന്ന ധനസഹായത്തിന് പുറമേ ഗുണഭോക്താക്കളുടെ ആവശ്യകതയ്ക്കനുസൃതമായി 10,000 രൂപ വരെ കുടുംബം ഒന്നിന് അതാത് ഗ്രാമപഞ്ചായത്തുകൾ വഴി ധനസഹായം നൽകാവുന്നതാണെന്ന് ഇതിന്റെ നിർവ്വഹണ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു.

ആർ. ടി. ഒ. രേഖകളിൽ ഹോളോഗ്രാം

*16 [483] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, എം. മുരളി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ആർ. ടി. ഒ. ഓഫീസുകളിൽ നിന്ന് നൽകുന്ന എല്ലാ രേഖകളിലും ഹോളോഗ്രാം പതിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു കൊണ്ടുള്ള പ്രയോജനം എന്തെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തുള്ള എല്ലാ ആർ. ടി. ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന രേഖകളിൽ ഹോളോഗ്രാം പതിക്കുന്ന പക്ഷം ഒരു മാസത്തേയ്ക്ക് എത്ര ഹോളോഗ്രാം വേണ്ടിവരും;

(സി) വിവിധ നിരക്കിലുള്ള ഫീസ് ഈടാക്കുന്ന രേഖകൾക്കെല്ലാം ഒരേ രീതിയിലുള്ള ഹോളോഗ്രാമാണോ പതിക്കുന്നത്;

(ഡി) ഇത് വ്യാജരേഖകളുടെ നിർമ്മാണത്തിനിടയാക്കുമോ;

(ഇ) ആവശ്യത്തിനുള്ള ഹോളോഗ്രാം എല്ലാ ആർ. ടി. ഒ. ഓഫീസുകൾക്കും നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly